സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.43/22/EST-B

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
16/11/2022

## സർക്കുലർ

വിഷയം:-ശബരിമല മണ്ഡലം - മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇതര ഗ്രൂപ്പുകളിലെ ദേവസ്വങ്ങളുടെ ദൈനംദിന നടത്തിപ്പ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്.

സൂചന:- **1. 08/11/2022**-ലെ. **ROC.8162/16/SAB.** നമ്പർ ബോർഡ് ഉത്തരവ്.

**2. 15/11/2022**-ലെ **ROC.10795/22/VIG.** നമ്പർ ബോർഡ് സർക്കുലർ.

മണ്ഡലം- മകരവിളക്ക് കാലയളവിൽ ഇതര ഗ്രൂപ്പുകളിലെ ഇടത്താവളങ്ങളായി പ്രവർത്തിക്കുന്ന ദേവസ്വങ്ങൾ ഉൾപ്പെടെ കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. മണ്ഡലം - മകരവിളക്ക് പൂജയോടനുബന്ധിച്ച് നടത്താറുള്ള ഉത്സവങ്ങൾ, ചിറപ്പ് പൂജകൾ മുതലായവയുടെ കാര്യത്തിൽ ചില സ്ഥലങ്ങളിലെ ഭക്തജനങ്ങളിൽ നിന്നും പരാതികൾ ഉയരുന്നുണ്ട്. അതോടൊപ്പം, ദേവസ്വം ജീവനക്കാരുടെ ജാഗ്രതക്കുറവ് ഉണ്ടാകുന്നത് വഴി വരുമാന നഷ്ടവും സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന നഷ്ടം വരുത്തുന്ന കാര്യത്തിൽ ചില ദേവസ്വം ജീവനക്കാരെങ്കിലും ബോധപൂർവ്വമായ വീഴ്ച നടത്തിവരുന്നുണ്ട്. ഇത്തരം ജാഗ്രതക്കുറവുകളും വീഴ്ചകളും ഭൂഷണമല്ല. മാത്രമല്ല, ഇത്തരം പ്രവർത്തികൾ ദേവസ്വം ബോർഡിന്റെ നിലനിൽപ്പിനെ ബാധിക്കുന്നതാണെന്ന തിരിച്ചറിവ് എല്ലാ ദേവസ്വം ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകേണ്ടതാണ്.

പരാതി രഹിതവും കാര്യക്ഷമവുമായി ദേവസ്വങ്ങളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനായി ചുവടെപ്പറയുന്നവ പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട ഓരോ ദേവസ്വം ജീവനക്കാരും ഉറപ്പാക്കേണ്ടതാണ്.

1. ഗ്രൂപ്പുകൾക്കുള്ളിലെ ദേവസ്വങ്ങളുടെ പ്രവർത്തനം ഓരോ സബ്ഗ്രൂപ്പ് ഓഫീസർമാരും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും നേരിട്ട് വിലയിരുത്തേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള വരുമാന നഷ്ടം ഉണ്ടോ എന്ന് പരിശോധിച്ച് ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ ദേവസ്വങ്ങളിലെ പരിശോധന കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതാണ്. ഉപദേശകസമിതികളുമായും, ഭക്തജനങ്ങളുമായും, ജീവനക്കാരുമായും നിരന്തരം ആശയവിനിമയം നടത്തുകയും വീഴ്ചകൾ പരിഹരിക്കുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(മറുപുറം..)

3. ഇടത്താവളങ്ങളായി പ്രവർത്തിക്കുന്ന ദേവസ്വങ്ങളുടെ പരിസര ശുചീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ അതാത് സബ്ഗ്രൂപ്പ് ഓഫീസർമാരും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും നേരിട്ട് വിലയിരുത്തുകയും വീഴ്ചകൾ പരിഹരിച്ച് ഭക്തജനങ്ങളുടെ ഭാഗത്തു നിന്നും പരാതികൾ ഉണ്ടാകാതെ ദേവസ്വം പ്രവർത്തികൾ നടപ്പിലാക്കേണ്ടതുമാണ്. ഇടത്താവളങ്ങളുടെ മേൽനോട്ടവും പ്രവർത്തികളുടെ ഏകോപനവും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ പൂർണ്ണ നിയന്ത്രണത്തിലായതിനാൽ വീഴ്ച കൂടാതെ ജാഗ്രതയോടെ നിർവ്വഹിക്കപ്പെടേണ്ടതാണ്.

4. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ചിരിക്കുന്ന ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള ശുചീകരണ പദ്ധതിയായ 'പവിത്രം ശബരിമല'-യുടെ ഭാഗമായി ഇടത്താവളങ്ങൾ ഉൾപ്പെടെയുള്ള ദേവസ്വങ്ങളിലെ ശുചീകരണം കാര്യക്ഷമമായി നടത്തേണ്ടതും ആയതിന് ഭക്തജനങ്ങൾ, ഉപദേശകസമിതികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയും സ്പോൺസർമാർ മുഖേനയുമുള്ള സഹായവും ലഭ്യമാക്കി നടപ്പാക്കേണ്ടതാണ്.

5. ദേവസ്വങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ബന്ധപ്പെട്ട ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ചുമതല നിർവ്വഹിക്കേണ്ടതാണ്.

6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ എന്നിവർ നടത്തുന്ന പരിശോധനാ വേളകളിൽ ഗൗരവതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് ശിപാർശ സഹിതം ദേവസ്വം കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്.

7. ദേവസ്വം കാര്യങ്ങളിലെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടും തുടർനടപടികൾ സ്വീകരിക്കാതിരിക്കുകയോ ദേവസ്വം ബോർഡിനെ അറിയിക്കാതെ ജാഗ്രതക്കുറവ് കാണിക്കുകയോ ചെയ്യുന്ന ദേവസ്വം ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പ്തല അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)
ദേവസ്വം കമ്മീഷണർക്ക് വേണ്ടി

പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ട്മെന്റ് / ആഫീസ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.16/11